പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം. 267 | 28/05/2019 ൽ മറുപടി നല്കേണ്ടത്. |
|---|---|

## രാസപദാർത്ഥങ്ങളടങ്ങിയ സർബത്തുകളും ജ്യൂസുകളും

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എം.ഷാജി** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ** (ആരോഗ്യവും സാമൂഹ്യ നീതിയും വനിത - ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | രാസപദാർത്ഥങ്ങളടങ്ങിയ ചേരുവകൾ ചേർത്ത് സർബത്തുകളും ജ്യൂസുകളും ജ്യൂസ് കടകളിലും ഐസ്ക്രീം പാർലറുകളിലും ബസ്സ്സ്റ്റാന്റുകൾ, റെയിൽവേ സ്റ്റേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങൾ, വിവിധ ആരാധനാകേന്ദ്രങ്ങളുടെ പരിസരങ്ങൾ എന്നിവിടങ്ങളിലും വ്യാപകമായി വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | അനുവദനീയമായ രാസപദാർത്ഥങ്ങളടങ്ങിയ ചേരുവകൾ ചേർത്ത് സർബത്തുകളും ജ്യൂസുകളും ജ്യൂസ് കടകളിലും ഐസ്ക്രീം പാർലറുകളിലും വിൽക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| ബി) | ശീതീകരിച്ച ഇത്തരം ജ്യൂസുകളും സർബത്തുകളും ഏറെ ഉപയോഗിക്കുന്നത് യുവാക്കളും യുവതികളുമാണെന്ന വസ്തുത ശ്രദ്ധിച്ചിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | ഗുരുതര ആരോഗ്യപ്രശ്നങ്ങൾക്കും മാരക രോഗങ്ങൾക്കും വഴിവയ്ക്കുന്ന ഇതിലെ ചേരുവകൾ പാക്കറ്റുകളിലും ടിന്നുകളിലുമാക്കി പായ്ക്ക് ചെയ്ത് വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളെ ഈ സർക്കാരിന്റെ കാലയളവിൽ എപ്പോഴെങ്കിലും പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | സി) യും ഡി) യും | ഭക്ഷ്യസുരക്ഷാ വകുപ്പ് വിവിധ കടകളിൽ നിരന്തരമായി പരിശോധനകൾ നടത്തുന്നുണ്ട്. പ്രസ്തുത പരിശോധനകളിൽ ആരോഗ്യത്തിന് ഹാനികരമായ രാസപദാർത്ഥങ്ങളടങ്ങിയ ചേരുവകൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ വിൽപന നടത്തുന്നതായി കണ്ടെത്തിയാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം, 2006 പ്രകാരം അഡ്ജൂഡിക്കേഷൻ/ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| ഡി) | ഇതിന്റെ നിർമ്മാതാക്കൾ വൻ സാമ്പത്തിക അടിത്തറയുള്ളവരായതിനാൽ അന്വേഷിക്കാൻ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ ജനങ്ങളുടെ ആരോഗ്യം തിരസ്കരിച്ച് ഇത്തരക്കാരെ അന്വേഷണപരിധിയിൽ നിന്ന് സ്ഥിരമായി ഒഴിവാക്കുന്ന നിലപാട് അതീവഗൗരവമായി കണ്ട് കർശന പീരിയോഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുമോ? | | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ സ്ഥാപനങ്ങളിൽ 4241 പരിശോധന നടത്തു കയും 225 സാമ്പിളുകൾ ശേഖരിക്കുകയും 1193 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ഉദ്യോഗസ്ഥർ നിരന്തരം പരിശോധന നടത്തിവരുന്നുണ്ട്. അന്വേഷണം നടത്തി കുറ്റക്കാരെന്ന് കണ്ടാൽ നടപടിസ്വീകരിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ